പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 836 | 02/12/2015 -ൽ മറുപടിയ്ക്കു് |

## ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |

എ) ശബരിമല തീർത്ഥാടകർക്ക് വിവിധ രീതിയിലുള്ള സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി എത്ര ഏക്കർ വനഭൂമിയാണ് വനം വകുപ്പിൽ നിന്നും ദേവസ്വം ബോർഡിന് ലഭിച്ചിട്ടുള്ളത്; ഈ ഭൂമി എവിടെ യൊക്കെ, ഏതെല്ലാം വർഷങ്ങ ളിലാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

എ) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പെരിയാർ വെസ്റ്റ് ഡിവിഷനിൽ നിന്നും 56.3955 ഹെക്ടറും, റാന്നി വനം ഡിവിഷനിൽ നിന്നും 124.9615 ഹെക്ടറും വനഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളതായി വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

### പെരിയാർ വെസ്റ്റ് ഡിവിഷൻ

| സ്ഥലം | വിസ്തീർണ്ണം (ഹെക്ടർ) | വർഷം |
|---|---|---|
| സന്നിധാനം | 5.26 | 1965 നു മുൻപ് |
| സന്നിധാനം | 20.24 | 1965 |
| പമ്പ | 4.048 | 1970 |
| ചെറിയാനവട്ടം | 0.4225 | 1970 |
| മാളികപ്പുറം | 1.90 | 1986 |
| പമ്പ | 3.44 | 1986 |
| ശരംകുത്തി | 5.59 | 1986 |
| വെടിപ്പുര | 2.62 | 1986 |
| കുന്നാർ | 0.20 | 2000 |
| ശബരിമലയ്ക്കും പമ്പയ്ക്കുമിടയിൽ വിവിധ ഭാഗങ്ങളിൽ | 12.675 | 2005 |

റാന്നി വനം ഡിവിഷൻ

| സ്ഥലം | വിസ്തീർണ്ണം (ഹെക്ടർ) | വർഷം |
|---|---|---|
| പമ്പാ നദിയുടെ തെക്ക് ഭാഗം, ചാലക്കയം പമ്പാ റോഡ് നവീകരണം, പ്ലാപ്പള്ളി പമ്പാ റോഡിൽ താൽക്കാലിക കടകൾ, കുന്നാറിൽ ചെക്ക് ഡാം, പമ്പയിൽ വാഹനപാർക്കിംഗ്, പമ്പാ കക്കി നദികൾക്ക് കുറുകെ രണ്ട് വെന്റെഡ് ക്രോസ്ബാർ | 14.4375 | 1975 മുതൽ 2000 വരെ |
| നിലയ്ക്കൽ ബെയ്സ് ക്യാമ്പിന്റെ വികസനം | 110.524 | 2005 |

ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾക്കായി ദേവസ്വം ബോർഡിന് വിട്ടുകിട്ടിയ ഭൂമി മറ്റു സംസ്ഥാനങ്ങൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

ബി) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന് വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ നിലയ്ക്കലിൽ പണികഴിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതിനുള്ള യോഗം ബോർഡ് തലത്തിൽ ഉടൻ നടത്തുന്നതാണ്.

സി) ഏതു വ്യവസ്ഥകൾ പ്രകാരമാണ് വനം വകുപ്പും ദേവസ്വം ബോർഡും തമ്മിലുള്ള കൈമാറ്റം നടന്നിട്ടുള്ളതെന്ന വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

സി) മാസ്റ്റർപ്ലാൻ അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ പാടുള്ളൂ എന്നുള്ള വ്യവസ്ഥയിലാണ് വനഭൂമി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

ഡി) ശബരിമലയ്ക്കും പമ്പയ്ക്കും ഇടയിലുള്ള ഭാഗങ്ങളിലെ വന പ്രദേശത്ത് ദേവസ്വം ബോർഡിന് സ്വതന്ത്രമായി നടപടികൾ സ്വീകരിക്കുവാൻ കഴിയുന്ന രീതിയിൽ ഭൂമി ലഭിച്ചിട്ടുള്ള ഭാഗങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

ഡി) ശബരിമല ക്ഷേത്ര സമുച്ചയത്തിനു ചുറ്റുമുള്ളതും പരമ്പരാഗത പാതയ്ക്കിരുവശമുള്ളതും പമ്പ ഗണപതിക്ഷേത്രത്തിനു സമീപമുള്ളതുമായ ഭൂമിയാണ് സ്വതന്ത്രമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്.

ഇ) വനം വകുപ്പിൽ നിന്നും ദേവസ്വം ബോർഡിന് ലഭിച്ച വനഭൂമിയിൽ നടത്തിയ ഏതെല്ലാം തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന കാര്യം വ്യക്തമാക്കുമോ;

ഇ) ശബരിമല മാസ്റ്റർ പ്ലാൻ അനുശാസിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾ മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയിലാണ് വനഭൂമി ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

എഫ്) ദേവസ്വം ബോർഡിന് വനം വകുപ്പിൽ നിന്നും വിട്ടുകിട്ടിയ ഭൂമിയിൽ നടത്തിയ ഏതെങ്കിലും പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് എതിർപ്പ് അറിയിക്കുകയോ ജോലികൾ തടസ്സപ്പെടുത്തിയതോ ആയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

എഫ്) മാസ്റ്റർ പ്ലാനിന് അനുസൃതമായ പ്രവർത്തനങ്ങൾക്ക് വനം വകുപ്പിൽ നിന്നും എതിർപ്പുണ്ടായിട്ടില്ല.

ജി) വനം വകുപ്പും ദേവസ്വം ബോർഡും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും വകുപ്പുകളുടെ ഏകോപനത്തിനുമായി എന്തെല്ലാം നടപടികളാണ് ഇരു വകുപ്പുകളും ചേർന്ന് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജി) വനം വകുപ്പിൻെറയും ദേവസ്വം ബോർഡിൻെറയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും, ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഹൈപ്പവർ കമ്മിറ്റി (എച്ച്.പി.സി.) രൂപീകരിച്ചിട്ടുണ്ട്. ഹൈപ്പവർ കമ്മിറ്റിയിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അംഗമാണ്.

[signature]

സെക്ഷൻ ഓഫീസർ